©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2023 മേയ് 12<br>12th May 2023<br>1198 മേടം 28<br>28th Medam 1198<br>1945 വൈശാഖം 22<br>22nd Vaisakha 1945 | നമ്പർ<br>No. | 1643 |
|---|---|---|---|---|

## കേരള സർക്കാർ

ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ ആഭ്യന്തരം-എസ്.എസ്.എ2/58/2023-ആഭ്യന്തരം *തിരുവനന്തപുരം, 2023 മേയ് 12*
*1198 മേടം 28*
*1945 വൈശാഖം 22.*

**എസ്. ആർ. ഒ. നമ്പർ 578/2023**

പൊതുപ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത്, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽതീരം ബീച്ചിൽ 2023 മെയ് 7-ാം തീയതിയിലുണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ കാരണങ്ങളെക്കുറിച്ചും ഭാവിയിൽ ഇത്തരത്തിൽ ദുരന്തങ്ങൾ ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട എല്ലാ നടപടികളെക്കുറിച്ചും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി "ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ" നിയമിക്കേണ്ടത് ആവശ്യമാണെന്ന് കേരള സർക്കാരിന് അഭിപ്രായമുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ, അതിനാൽ, 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി, ആക്റ്റിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ശ്രീ. വി. കെ. മോഹനനെ [(റിട്ട. ഹൈക്കോടതി ജഡ്ജി) വലിയപറമ്പിൽ ഹൗസ്, ഹൗസ് നമ്പർ 7/252-സി, തിരുവാതിര, അമ്പാടിമുക്ക്, കാക്കനാട്, കൊച്ചി -20] ചെയർമാനായും, ശ്രീ. നീലകണ്ഠൻ ഉണ്ണി [(റിട്ട. ചീഫ് എഞ്ചിനീയർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ) 'അഷ്ടമി', BMRA-8, 38/913, ബാലകൃഷ്ണ മേനോൻ റോഡ്, എടപ്പള്ളി പി. ഒ., എറണാകുളം-682 024], ശ്രീ. സുരേഷ് കുമാർ [ചീഫ് എഞ്ചിനീയർ, കേരള വാട്ടർവെയ്സ് ആന്റ് ഇൻഫ്രാസ്ടക്ചർ ലിമിറ്റഡ്] എന്നിവർ അംഗങ്ങളായും ഉള്ള ഒരു മൂന്നംഗ അന്വേഷണ കമ്മീഷനെ ഇതിനാൽ നിയമിക്കുന്നു;

കമ്മീഷൻ, ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ, ആറ് മാസത്തിനകം അന്വേഷണം പൂർത്തിയാക്കി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്;

കേരള സർക്കാരിന്റെ അഭിപ്രായത്തിൽ, അന്വേഷണത്തിന്റെ സ്വഭാവം കണക്കിലെടുത്തും ഈ കേസിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തും 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ (1952–ലെ 60-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പിന്റെ (2), (3), (4), (5) എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഈ കമ്മീഷന് ബാധകമാക്കേണ്ടതും അതിനാൽ പ്രസ്തുത വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം മുൻ സൂചിപ്പിച്ച എല്ലാ വ്യവസ്ഥകളും ഈ കമ്മീഷനും ബാധകമായിരിക്കുമെന്ന് സർക്കാർ ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വേണു വി.,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽതീരം ബീച്ചിൽ 2023 മെയ് 7-ാം തീയതിയിലുണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ കാരണങ്ങളെക്കുറിച്ചും ഭാവിയിൽ ഇത്തരത്തിൽ ദുരന്തങ്ങൾ ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട എല്ലാ നടപടികളെക്കുറിച്ചും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റ് (1952–ലെ 60-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു മൂന്നംഗ അന്വേഷണ കമ്മീഷനെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ആവശ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Home (Secret Section–A) Department**

NOTIFICATION

No. Home-SSA2/58/2023-Home. *Dated, Thiruvananthapuram, 12th May, 2023*

**S. R. O. No. 578/2023** *28th Medam, 1198*

*22nd Vaisakha, 1945.*

WHEREAS, the Government of Kerala are of the opinion that it is necessary to appoint a Commission of Inquiry to submit report after making an inquiry into a definite matter of public importance, namely, the causes that led to the boat accident at Thoovaltheeram Beach, Tanur in Tirur Taluk, Malappuram District on 7th May, 2023 and measures to be taken to avoid such disasters in future;

NOW, THEREFORE, in exercise of the powers conferred by section 3 of the Commissions of Inquiry Act, 1952 (Central Act 60 of 1952) the Government of Kerala hereby appoint a three member Commission of Inquiry consisting of Shri V. K. Mohanan [(Retired High Court Judge) Valiyaparambil House, House No. 7/252-C, Thiruvathira, Ambadimukku, Kakkanad, Kochi-20] as Chairman, Shri Neelakandan Unni [(Retired Chief Engineer, Inland Water Ways Authority of India, 'Ashtami', BMRA-8, 38/913, Balakrishna Menon Road, Edappally P. O., Ernakulam-682 024)], Shri Suresh Kumar [Chief Engineer, Kerala Water Ways & Infrastructure Ltd.] as members to inquire into the matter;

The Commission shall complete the inquiry and submit its report to the Government within six months from the date of publication of this notification;

The Government of Kerala are of the opinion that having regard to the nature of the inquiry to be made and other circumstances of the case, all the provisions of sub-sections (2), (3), (4) and (5) of section 5 of the Commissions of Inquiry Act, 1952 (Central Act 60 of 1952), should be made applicable to the Commission, and therefore, the Government hereby direct under sub-section (1) of the said section that all the provisions aforesaid Act shall apply to the Commission.

By order of the Governor,

DR. VENU V.,
*Additional Chief Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form the part of the notification, but is intended to indicate its general purport.)

The Government have decided to appoint a three member Commission of Inquiry under the Commissions of Inquiry Act, 1952 (Central Act 60 of 1952) to submit report after making inquiry into the causes which led to the boat accident at Thoovaltheeram Beach, Tanur in Tirur Taluk, Malappuram District on $7^{th}$ May, 2023 and measures to be taken to avoid such disasters in future.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.05.12 10:19:15 +05:30